**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1265** **18-01-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാഭ്യാസ ഘടനയിലെ മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടനയിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി ഡോ.എം.എ.ഖാദർ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്ന തിന്റെ ഭാഗമായി 31-05-2019 ലെ സ.ഉ. (കൈ) നം.53/2019/പൊവിവ പ്രകാരം ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ ആകെ നിയന്ത്രണവും ഏകോപനവും നടപ്പിൽ വരുത്തുന്നതിന് നിലവിലുള്ള പൊതുവിദ്യാ ഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ മൂന്നു ഡയറക്ടറേറ്റുക ളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതു സംവിധാനം രൂപീകരിക്കുകയും സ.ഉ (സാധാ) നം.3139/ 2019/ പൊവിവ തീയതി 01-06-2019 പ്രകാരം ശ്രീ. ജീവൻ ബാബു. കെ, ഐ.എ.എസ് നെ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ ആയി നിയമിക്കുകയും ചെയ്തിരിക്കുന്നു. നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ സ്കൂൾതല സംവിധാനങ്ങളും, ഉപജില്ല, ജില്ലാ വിദ്യാഭ്യാസ ഡയറക്ടറേറ്റുകൾ ഹയർ സെക്കന്ററി ഡയറക്ടറേറ്റുകൾ, റീജണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, വൊക്കേഷണൽ ഡയറക്ടറേറ്റ് തുടങ്ങിയ എല്ലാ ഓഫീസുകളും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ അധീനതയിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സംവിധാനം പൂർണ്ണതയിലേക്ക് നയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | നാഷണൽ സ്കിൽ ക്വാളിഫൈയിംഗ് ഫ്രെയിംവർക്കിന്റെ പശ്ചാത്തലത്തിൽ മുഴുവൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും സെക്കന്ററി സ്കൂളുകളായി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിന്റെ പശ്ചാത്തലത്തിൽ, കേരളത്തിലെ എല്ലാ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും 2020-21 അക്കാഡമിക് വർഷത്തോടെ എൻ.എസ്.ക്യൂ.എഫ് |

| | | | |
|---|---|---|---|
| | | | അധിഷ്ഠിത വൊക്കേഷണൽ കോഴ്സുകൾ ആരംഭിച്ചു. സെക്കന്ററി സ്കൂളുകളാക്കി മാറ്റിയിട്ടില്ല. |
| (സി) | വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഓഫീസുകളെല്ലാം ആധുനിക സാങ്കേതികവിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തി ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറണമെന്ന ശിപാർശ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ഭാഗീകമായി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 2018 ഏപ്രിൽ 3മുതൽ ഭാഗികമായി ഇ-ഓഫീസ് ഫയൽ സംവിധാനം നടപ്പിലാക്കി. 2021 ഫെബ്രുവരി മാസത്തിൽ പൊതുവിദ്യാ ഭ്യാസ ഡയറക്ടറേറ്റ് പൂർണമായും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറുന്നതോ ടൊപ്പം 14 വിദ്യാഭ്യാസ ഉപഡയറക്ടറേറ്റു കളിലും 2021 ഫെബ്രുവരി മാസത്തിൽ തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഐ.ടി മിഷനും എൻ.ഐ.,സി യുമായും ചേർന്ന് സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ